"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയിലെ നിയമനം സംസ്ഥാന തലത്തിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

**സ.ഉ.(കൈ) നം.207/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 10/06/2020

---

പരാമർശം:- 1 12.10.2012 തീയതിയിലെ സ.ഉ (പി) നം.503/2012/ഉവിവ

2 സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 26.09.2016, 17.01.2017,21.12.2017, 10.05.2018, 28.06.2019, 04.09.2019, 01.11.2019, 10.02.2020 എന്നീ തീയതികളിലെ EB3/22119/16/DTE നമ്പർ കത്തുകൾ.

3 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 02.05.2018 തീയതിയിലെ AVIII (3) 2706/11/GW നമ്പർ കത്ത്.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയിലേക്കുള്ള നിയമനം പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്പെഷ്യൽ റൂളിന് വിധേയമായാണ് നടന്നു വരുന്നത്. ഇത് പ്രകാരം ട്രേഡ്സ്മാൻ തസ്തികയിലെ നിയമന രീതികൾ താഴെപറയുന്നവയാണ്.

1. By transfer from Non-Technical Attender/Class IV Employees of the Technical Education Department having not less than two years regular Service in the Department
2. By Direct Recruitment

2. നേരിട്ടുള്ള നിയമനവും തസ്തികമാറ്റ നിയമനവും തമ്മിലുള്ള അനുപാതം 3:1 ആണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിബന്ധനയും നേരിട്ടുള്ള നിയമനം ജില്ലാ തലത്തിലാണെങ്കിൽ ഒരു ജില്ലയിൽ നിയമിതനായ വ്യക്തി ആ ജില്ലയിൽ 5 വർഷവും തസ്തിക മാറ്റ നിയമനമാണെങ്കിൽ ജില്ലയിൽ 3 വർഷവും സേവനമനുഷ്ഠിക്കണമെന്ന വ്യവസ്ഥയും കാരണം ട്രേഡ്സ്മാൻ തസ്തികയിലെ നേരിട്ടുള്ള നിയമനവും തസ്തിക മാറ്റ നിയമനവും തമ്മിലുള്ള അനുപാതം ജില്ലാ തലത്തിൽ പാലിക്കുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ട്രേഡ്സ്മാൻ തസ്തികയിലെ നേരിട്ടുള്ള നിയമനം സംസ്ഥാന തലത്തിലാക്കണമെന്ന് പരാമർശം 2ലെ കത്തുകൾ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. നിലവിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ട്രേഡ്സ്മാൻ തസ്തികയ്ക്കായി ജില്ലാ

തലത്തിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതും വിവിധ തലങ്ങളിൽ നിൽക്കുന്നതുമായ നിയമന നടപടികൾ പഴയ രീതിയിൽ തന്നെ തുടരേണ്ടതാണ് എന്നതിനാൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളെ ബാധിക്കാത്ത തരത്തിൽ തസ്തികയുടെ നേരിട്ടുള്ള നിയമനം സംസ്ഥാന തലത്തിലാക്കാവുന്നതാണെന്നും സംസ്ഥാന തലത്തിലാക്കി ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം ലഭ്യമാകുന്ന ഒഴിവുകൾ സംസ്ഥാന തലത്തിൽ ആയി വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷം 'Fresh selection' ആയി പരിഗണിച്ച് റിക്രൂട്ട്മെന്റ് നടത്താവുന്നതാണെന്നും പരാമർശം 3ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിരുന്നു.

4. മേൽ വിഷയം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ വിളിച്ചു ചേർത്ത സർവ്വീസ് സംഘടനകളുടെ യോഗതീരുമാനങ്ങളുടെയും ഡയറക്ടറുടെ പരാമർശം 2 പ്രകാരമുള്ള റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ നിയമനം ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന തലത്തിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ജില്ലാ തലത്തിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതും , വിവിധ തലങ്ങളിൽ നിൽക്കുന്നതുമായ നിയമന നടപടികൾ പഴയ രീതിയിൽ തന്നെ തുടരേണ്ടതാണ്. നിലവിൽ ട്രേഡ്സ്മാൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെയും നിയമന നടപടികൾ നടന്നു കൊണ്ടിരിക്കുന്നതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2. നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളെ ബാധിക്കാത്ത തരത്തിൽ ഉത്തരവ് തീയതി മുതൽ നേരിട്ടുള്ള നിയമനം സംസ്ഥാനതലത്തിൽ ആയിരിക്കുന്നതാണ് .

3. സംസ്ഥാനതലത്തിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കപ്പെട്ട ശേഷം ഉണ്ടാകുന്ന ഒഴിവുകൾ അപ്രകാരം ( സ്റ്റേറ്റ് വൈഡ് ആയി ) വിജ്ഞാപനം ചെയ്ത് 'fresh selection' ആയി പരിഗണിച്ച് റിക്രൂട്ട്മെൻറ് നടത്തേണ്ടതാണ് .

4. സംസ്ഥാനതലത്തിൽ ട്രേഡ്സ്മാൻ നിയമനം നടത്തുമ്പോൾ സംസ്ഥാനതലത്തിൽ തന്നെ സ്ഥലംമാറ്റവും നടത്തേണ്ടതായി വരും . നിലവിൽ ജില്ലാതല നിയമനം നേടി അതാത് ജില്ലകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് DRB റൂൾസ് അനുസരിച്ച് 5 വർഷത്തേയ്ക്ക് അതാത് ജില്ലയിൽ തന്നെ സേവനമനുഷ്ഠിക്കാവുന്നതാണ് . ട്രേഡ്സ്മാൻ തസ്തികയിലെ നിയമന രീതികൾ സംസ്ഥാന തലത്തിൽ ആക്കുമ്പോഴും ഇത് ഈ രീതിയിൽ തന്നെ തുടരേണ്ടതാണ് . നിയമനം ലഭിച്ച ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് ഒരു ഉദ്യോഗസ്ഥൻ സ്ഥലം മാറ്റം ആവശ്യപ്പെടുകയാണെങ്കിൽ , ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിയമനം ലഭിച്ച ജില്ലയിലും സ്ഥലം മാറ്റം ആവശ്യപ്പെടുന്ന ജില്ലയിലും ബന്ധപ്പെട്ട ട്രേഡിൽ റാങ്ക് ലിസ്റ്റ് നിലനിൽക്കാത്ത സാഹചര്യത്തിൽ മാത്രമേ പരിഗണിക്കാൻ പാടുള്ളൂ. ജില്ലാ തല നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്കും സ്ഥലംമാറ്റം അനുവദിക്കുന്നതല്ല. നിയമനം ലഭിച്ച ജില്ലയിൽ താല്പര്യമുള്ളവർക്ക് 5 വർഷം പൂർത്തിയാക്കാൻ അനുമതി നൽകേണ്ടതാണ്. മറ്റൊരു ജില്ലയിൽ നിന്നും അപേക്ഷകരുണ്ടെങ്കിലും 5 വർഷത്തിനുശേഷം മാത്രമേ ഇപ്രകാരം താൽപ്പര്യപ്പെടുന്നവരെ സ്ഥലം മാറ്റാൻ പാടുള്ളൂ .

5. ഒരു ജില്ലയിൽ നിയമനം കിട്ടുകയും സീനിയോരിറ്റി നഷ്ടപ്പെടുത്തി ഇതിനോടകം മറ്റൊരു

ജില്ലയിൽ ട്രാൻസ്ഫർ നേടുകയും ചെയ്തിട്ടുള്ള ട്രേഡ്സ്മാൻമാരുടെ എണ്ണം നിലവിൽ വളരെ നാമമാത്രമാണ് . ഇപ്രകാരം സ്ഥലംമാറ്റം നേടിയിട്ടുള്ളവരുടെ സീനിയോരിറ്റി അവർ പുതിയ ജില്ലയിൽ പ്രവേശിച്ച തീയതി മുതലായിരിക്കണം കണക്കിലെടുക്കേണ്ടത് . എന്തു കൊണ്ടെന്നാൽ,സീനിയോരിറ്റി നഷ്ടപ്പെടുത്തിക്കൊണ്ട് അവരവരുടെ സൗകര്യാർത്ഥമാണ് സ്ഥലംമാറ്റം നേടിയിട്ടുള്ളത്. ആകയാൽ നിയമനം സംസ്ഥാനതലത്തിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയ്ക്കുമുമ്പ് ഇപ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം നേടിയിട്ടുള്ളവർക്ക് പുതിയ ജില്ലയിൽ പ്രവേശിച്ച തീയതി മുതലും, ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്നവരുടെ സീനിയോരിറ്റി ട്രേഡ്സ്മാൻ തസ്തികയിലെ നിയമന തീയതി മുതലും കണക്കാക്കാവുന്നതാണ് .

6. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ വിശേഷാൽ ചട്ടങ്ങൾ പരാമർശം 1ലെ ഉത്തരവ് പ്രകാരം ട്രേഡ്സ്മാൻ തസ്തികയിലെ നിയമനം 1) പി . എസ് . സി യിൽ നിന്നും നേരിട്ടും 2) അർഹരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും തസ്തിക മാറ്റ നിയമനത്തിലൂടെയുമാണ് . ഇതിനായി യഥാക്രമം 3:1 എന്ന അനുപാതവും നിശ്ചയിച്ചിട്ടുണ്ട് . നിയമനം സംസ്ഥാനതലത്തിലാവുന്ന മുറയ്ക്ക് പ്രസ്തുത അനുപാതവും സംസ്ഥാനതലത്തിലാവും കണക്കാക്കുന്നത്. ഓരോ ട്രേഡിലേയും തസ്തികകളുടെ എണ്ണം സംസ്ഥാന തലത്തിൽ കണക്കാക്കി 3:1 എന്ന അനുപാതം പ്രസ്തുത ട്രേഡിൽ പാലിക്കേണ്ടതാണ്.

7. തസ്തികമാറ്റം വഴി ട്രേഡ്സ്മാൻ തസ്തികയിൽ പ്രവേശിക്കുന്നവർ നിയമനം ലഭിക്കുന്ന ജില്ലയിൽ മൂന്ന് വർഷ സേവനം പൂർത്തിയാക്കണമെന്ന നിബന്ധന നിയമനം സംസ്ഥാനതലത്തിലാക്കുന്നതോടെ ഇല്ലാതാവുന്നതും ജീവനക്കാർക്ക് താല്പര്യപ്രകാരം സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി തസ്തിക മാറ്റത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ള ഒഴിവുകളിലേക്ക് സ്ഥാപനമാറ്റം അനുവദിക്കാവുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.ഉഷ ടൈറ്റസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (Adv-B3/72/2017-P&ARD dated 19.06.2017 പ്രകാരം)
www. highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ ട്രേഡ്സ്മാൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെയും നിയമന നടപടികൾ നടന്നു കൊണ്ടിരിക്കുന്നതിന്റെയും വിശദാംശങ്ങൾ**

| ക്രമ നം | ജില്ല | തസ്തികയുടെ പേര് | നിലവിലെ സ്ഥിതി | റിമാർക്സ് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ഓട്ടോ മൊബൈൽ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | തിരുവനന്തപുരം | സിവിൽ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | തിരുവനന്തപുരം | കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിൻറ്റനൻസ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | തിരുവനന്തപുരം | സർവേ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | തിരുവനന്തപുരം | മേസനറി | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | തിരുവനന്തപുരം | ഇലക്ട്രോണിക്സ് | എൻ ജെ ഡി ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | |
| | തിരുവനന്തപുരം | പ്ലംബിംഗ് | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| | തിരുവനന്തപുരം | ടെക്സ്റ്റൈൽ ടെക്നോളജി | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| 2 | കൊല്ലം | ഇലക്ട്രോണിക്സ് | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| 3 | പത്തനംതിട്ട | പോളിമർ ടെക്നോളജി | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| 4 | ആലപ്പുഴ | ഇലക്ട്രിക്കൽ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | ആലപ്പുഴ | കാർപെൻ്ററി | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| 5 | കോട്ടയം | ഇലക്ട്രോണിക്സ് | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | |
| | കോട്ടയം | സിവിൽ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |

| | | | | |
|---|---|---|---|---|
| | കോട്ടയം | കാർപെൻറ്റി | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കോട്ടയം | ഇൻസ്ട്രുമെൻറ് ടെക്നോളജി | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കോട്ടയം | സ്മിത്തി (ഫോർജിങ് & ഹീറ്റ് ട്രീറ്റിങ്) | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കോട്ടയം | പോളിമർ | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| 6 | ഇടുക്കി | ഇലക്ട്രോണിക്സ് | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| | ഇടുക്കി | ഇലക്ട്രിക്കൽ | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതായി അറിയുന്നു |
| | ഇടുക്കി | കമ്പ്യൂട്ടർ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | ഇടുക്കി | ഇൻഫർമേഷൻ ടെക്നോളജി | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | ഇടുക്കി | കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിൻറ്റനൻസ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| 7 | എറണാകുളം | കാർപെൻററി | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | എറണാകുളം | ഇലക്ട്രോണിക്സ് | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| | എറണാകുളം | സർവേ | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| | എറണാകുളം | ഡീസൽ മെക്കാനിക് | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| | എറണാകുളം | ഓട്ടോ മൊബൈൽ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | എറണാകുളം | റെഫ്രിജറേഷൻ & എയർ കണ്ടീഷനിങ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | എറണാകുളം | ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |

| | | | | |
|---|---|---|---|---|
| 8 | തൃശ്ശൂർ | സ്മിത്തി | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | തൃശ്ശൂർ | ഓട്ടോ മൊബൈൽ /ഹീറ്റ് എഞ്ചിൻ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | തൃശ്ശൂർ | കെമിക്കൽ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | തൃശ്ശൂർ | സിവിൽ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | തൃശ്ശൂർ | ഇലക്ട്രിക്കൽ | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| | തൃശ്ശൂർ | ഡീസൽ മെക്കാനിക് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | തൃശ്ശൂർ | പ്ലംബിംഗ് | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | |
| | തൃശ്ശൂർ | വയർമാൻ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | തൃശ്ശൂർ | വെൽഡിങ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| 9 | പാലക്കാട് | ഓട്ടോ മൊബൈൽ മെക്കാനിക് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | പാലക്കാട് | ഫിറ്റിങ് | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| | പാലക്കാട് | ഇലക്ട്രോണിക്സ് | എൻ ജെ ഡി ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| | പാലക്കാട് | പ്ലംബിംഗ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | പാലക്കാട് | സ്മിത്തി | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | പാലക്കാട് | കാർപെൻററി | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| 10 | മലപ്പുറം | ഇലക്ട്രോണിക്സ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | മലപ്പുറം | ഡീസൽ മെക്കാനിക് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | മലപ്പുറം | റെഫ്രിജറേഷൻ & എയർ കണ്ടീഷനിങ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |

| | | | | |
|---|---|---|---|---|
| | മലപ്പുറം | പ്ലംബിംഗ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| 11 | കോഴിക്കോട് | ഇലക്ട്രിക്കൽ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കോഴിക്കോട് | ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| | കോഴിക്കോട് | കാർപെൻററി | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| | കോഴിക്കോട് | കെമിക്കൽ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കോഴിക്കോട് | ഡീസൽ മെക്കാനിക് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കോഴിക്കോട് | എസ് എം ലാബ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കോഴിക്കോട് | സ്മിത്തി | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| 12 | വയനാട് | ഇലക്ട്രിക്കൽ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | വയനാട് | ഇലക്ട്രോണിക്സ് | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| | വയനാട് | കമ്പ്യൂട്ടർ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | വയനാട് | കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിൻറ്റനൻസ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | വയനാട് | പ്ലംബിംഗ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| 13 | കണ്ണൂർ | ഓട്ടോ മൊബൈൽ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കണ്ണൂർ | ഇലക്ട്രോണിക്സ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കണ്ണൂർ | ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കണ്ണൂർ | റെഫ്രിജറേഷൻ & എയർ കണ്ടീഷനിങ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കണ്ണൂർ | ഇൻസ്ട്രുമെൻറ് മെക്കാനിക് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |

| | | | | |
|---|---|---|---|---|
| | കണ്ണൂർ | മേസനറി | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കണ്ണൂർ | ടി വി മെയിൻറ്റനൻസ് & റിപ്പയർ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കണ്ണൂർ | വയർമാൻ | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| 14 | കാസർഗോഡ് | ഇലക്ട്രോണിക്സ് | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് | |
| | കാസർഗോഡ് | കാർപെൻററിറി | ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് | റാങ്ക് ലിസ്റ്റ് നിലവിലില്ല |

ഇതിനു പുറമേ, നാളിതുവരെ റാങ്ക് ലിസ്ററ് നിലനിൽക്കുന്നതോ റിപ്പോർട്ട് ചെയ്തിട്ടുള്ളതോ ആയ ഒ ഴിവുകൾ ശ്രദ്ധയിൽപെട്ടാൽ ആയവ ജില്ലാതല നിയമനാടിസ്ഥനത്തിൽ തന്നെ നികത്തുന്നതാണ്.